


# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 3 • ISSUE : 6 JUNE 2009


## എഡിറ്റോറിയൽ

# സ്ഥാനമാനങ്ങളും ക്രിസ്ത്യാനിയും

തിയൊഡോർ റൂസ്‌വെൽറ്റ് അമേരിക്കൻ പ്രസിഡന്റായിരുന്ന കാലത്ത് ഒരിക്കൽ ആഫ്രിക്കൻ വനാന്തരങ്ങളിൽ നായാട്ടുനടത്തി രസിക്കുവാൻ പോയി. മടങ്ങിവരുംവഴി കപ്പലിൽ ഒരു മിഷനറിയും ഉണ്ടായിരുന്നു. അദ്ദേഹം 40 വർഷത്തോളം വനപ്രാന്തത്തിലുള്ള ഒരു ഗ്രാമത്തിൽ സേവനമനുഷ്ഠിച്ച ശേഷം വിരമിച്ച് തിരിച്ചുവരികയായിരുന്നു. കപ്പൽ തുറമുഖത്തെത്തിയപ്പോൾ വൻജനക്കൂട്ടം പ്രസിഡന്റിനെ സ്വീകരിക്കാൻ ആർപ്പുവിളികളുമായി തുറമുഖത്തു കാത്തുനിന്നിരുന്നു. എന്നാൽ മിഷനറിയെ സ്വീകരിക്കാൻ ആരും ഉണ്ടായിരുന്നില്ല. അദ്ദേഹം തന്നെക്കുറിച്ചുതന്നെയുള്ള സഹതാപം കൊണ്ട് വീർപ്പുമുട്ടി. അദ്ദേഹം ചിന്തിച്ചു. കുറച്ചു ദിവസത്തേക്കു നായാട്ടിനുപോയി മടങ്ങിവന്ന പ്രസിഡണ്ടിനെ സ്വീകരിക്കാൻ ആൾക്കൂട്ടവും, ജീവിതകാലം മുഴുവൻ കർത്താവിനുവേണ്ടി ഉഴിഞ്ഞുവച്ചയാൾക്ക് നിരാശയും. എന്നാൽ ഉടൻതന്നെ കർത്താവു തന്റെ ചെവിയിൽ മന്ത്രിക്കുന്നതുപോലെ അദ്ദേഹത്തിനു തോന്നി. പക്ഷേ എന്റെ മകനേ, നീ സ്വഭവനത്തിൽ ഇതുവരെ മടങ്ങിയെത്തിയിട്ടില്ലല്ലോ.

നമ്മുടെ ജീവിതം അതിന്റെ കാലാവധിയെ അതിജീവിക്കുന്ന എന്തിനെങ്കിലും വേണ്ടി നാം ചിലവഴിക്കുമ്പോഴാണ് അത് ഏറ്റവും വിലയുള്ളതായിത്തീരുന്നത്. അർഹതയുള്ളവർക്കു സ്ഥാനമാനങ്ങൾ കിട്ടുമ്പോൾ അവർക്കൊപ്പം ബഹുമാനം കിട്ടണമെന്നു പലരും ആഗ്രഹിക്കും. തന്നത്താൻ ഉയർത്തുവാൻ അവർ ശ്രമിക്കും. ആഗ്രഹിക്കുന്നവിധത്തിൽ അംഗീകാരം കിട്ടാതെവരുമ്പോൾ അവർ അസ്വസ്ഥരാകും. അവർ കോപിക്കയും, ബുദ്ധിഹീനരായി പ്രവർത്തിക്കയും ചെയ്യും. അത് അവരുടെ അധഃപതനത്തിനു കാരണമാകും. ഹാമാൻ രാജധാനിയിലേക്കുപോകുമ്പോൾ മൊർദേഖായി എഴുന്നേറ്റുവന്ദിച്ചില്ല എന്ന ഏക കാരണത്തിൽ മൊർദേഖായിയെ തൂക്കിക്കൊല്ലുവാനും, യഹൂദജനത്തെ മുഴുവൻ നശിപ്പിക്കുവാനുമുള്ള ക്രമീകരണം ചെയ്തു. പക്ഷേ അന്ത്യം അങ്ങനെയായിരുന്നില്ല. ഹാമാൻ പണിയിപ്പിച്ച കഴുമരത്തിൽ അവനെയും കുടുംബത്തെയും തൂക്കിക്കൊല്ലുകയായിരുന്നല്ലോ.

ബഹുമാനം ലഭിക്കാതിരിക്കുമ്പോൾ ക്ഷോഭിക്കരുത്. നമ്മോടുകൂടെയുള്ള ദൈവം തക്കസമയം ഇടപെട്ടുകൊള്ളും. ആരു വിചാരിച്ചാലും നമ്മെ താഴ്ത്തുവാൻ സാധിക്കയില്ല. അർഹതയുള്ള സ്ഥാനമാനങ്ങൾ തക്കസമയം ലഭിക്കും. തന്നെത്താൻ ഉയർത്തുന്നവനെല്ലാം താഴ്ത്തപ്പെടും. തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും (ലൂക്ക് 14:11).

താഴ്മ ധരിച്ചുകൊൾവിൻ. ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു. താഴ്മയുള്ളവർക്കു കൃപ നൽകുന്നു. (1 പത്രോ 5.5) വിനയം വിചിത്രമായ ഒന്നാണ്. അത് നിങ്ങൾക്കുണ്ട് എന്നു നിങ്ങൾ വിചാരിക്കയാണെങ്കിൽ യഥാർത്ഥത്തിൽ അതു നിങ്ങൾക്കില്ല. നമ്മുടെ പ്രാർത്ഥന കർത്താവേ പാപിയായ എന്നെ കരകയറ്റേണമേ എന്നല്ലാതെ നല്ലവനായ എന്നെ ഇതുപോലെതന്നെ കാക്കേണമേ എന്നാകരുത്. സ്ഥാനമാനങ്ങൾ ചോദിച്ചുവാങ്ങേണ്ടവയല്ല. ദൈവനിശ്ചയപ്രകാരം വന്നുചേരേണ്ടവയാണ്. ■

# മഴയെന്ന വിസ്മയം

ഡോ. യാക്കൂബു മാർ ഐറേനിയസ്



ഈ പ്രപഞ്ചത്തിന്റെയും പ്രകൃതിയുടെയും ക്രമ വിശേഷത്തിന്റെ ദൃഷ്ടാന്തമാണ് ഏവരും സ്വാഗതം ചെയ്യുന്ന മഴയെന്ന പ്രതിഭാസം. മഴയില്ലാത്ത പ്രകൃതിയെപ്പറ്റി ചിന്തിക്കാനേ വയ്യ. ഉണങ്ങിവരണ്ട് ജലത്തിനായി ദാഹിച്ചിരിക്കുന്ന ഭൂമിയിലേക്ക് അനുഗ്രഹവർഷമായെത്തുന്ന മഴ. നീണ്ടുനീണ്ടു വരുന്ന വെള്ളത്തുള്ളികളുടെ അവരോഹണം അതീവ കൗതുകകരമായ കാഴ്ചയാണ്. ഇത്രയേറെ ജലം എവിടെ ഒളിച്ചിരിക്കയായിരുന്നു. ഭൂമിക്ക് മനം തണുക്കുന്നു. മനുഷ്യന്റെയും. ഈ മണ്ണിനെയും കൃഷിയെയും സ്നേഹിക്കുന്നവർ, തളിരിടുന്ന മനസ്സോടെ മഴയെ വരവേല്ക്കുന്നു. പുതുമഴയിൽ കുളിച്ചു നിൽക്കുന്ന നവോഡയായ പ്രകൃതി ആകെ കുളിരുന്ന പച്ചപ്പു വാരിപ്പുതച്ചിരിക്കുന്നു. ഈ മണ്ണും ജലവും ആകാശവും പക്ഷികളുമില്ലാതെ ജീവിതമുണ്ടോ.

മഴ കുറയുന്ന കാലത്ത് മണ്ണും, മനസ്സും വരണ്ടുപോകുന്നു. ദാഹമകറ്റാൻ ഒരിറ്റു ജലം കിട്ടിയിരുന്നെങ്കിൽ എന്നു കേഴുകയല്ലാതെ എന്തുവഴി. ദാഹിച്ചുവലഞ്ഞ് വെള്ളത്തിനായി ആഗ്രഹിച്ചിരിക്കുന്ന ഭൂമി. അങ്ങനെ ഒരു പ്രതീകമായിരിക്കുന്നു. മഴ പൊഴിയുമ്പോൾ വൃക്ഷലതാദികളും, ജീവജാലങ്ങളുമെല്ലാം ഹൃദയംഗമമായി ആഹ്ലാദിക്കുന്നു. ജലാശയങ്ങൾ അന്തരീക്ഷത്തിലേക്ക് കാണിക്ക നൽകിയത് ജലകണികകളുടെ മറ്റൊരു രൂപമായ നീരാവിയായിരുന്നു. അന്തരീക്ഷവും വായുപ്രവാഹവും അതേറ്റുവാങ്ങി സൂക്ഷിച്ചു. സമയമാകുമ്പോൾ തിരിച്ചുനൽകാൻ. വായുമണ്ഡലവും, ഭൂമിയും അതിലെ ജലസമ്പത്തും അങ്ങനെ ബന്ധപ്പെട്ടുതന്നെയിരിക്കുന്നു. സ്വർഗ്ഗവും ഭൂമിയും ഒന്നിക്കുമ്പോഴാണല്ലോ അനുഗ്രഹങ്ങളുടെ മഴചൊരിയുന്നത്. അവിടെ അനുഗ്രഹവും ജീവിതവുമുണ്ട്.

**പ്രത്യർപ്പണം:** ദൈവകൃപയുടെ കഥയും മറിച്ചല്ല. ദൈവം നൽകിയിട്ടുള്ള നല്ല ദാനങ്ങളെ നല്ല മനസ്സോടെ പ്രത്യർപ്പണം ചെയ്യുമ്പോൾ, അത് പതിന്മടങ്ങു വലിയ അനുഗ്രഹമാരിയായി നമുക്കുതന്നെ തിരികെ ലഭിക്കുന്നു. ദൈവകൃപയുടെ മഴ ലഭിക്കാഞ്ഞിടം ഉണങ്ങിവരണ്ട് മരുഭൂമിയായി മാറും. ഈ പ്രകൃതിയിലെ വൃക്ഷങ്ങളും, പച്ചപ്പും നശിപ്പിക്കുകയും, നദികളെ കൊല്ലാക്കൊല ചെയ്യുകയും പാതാളംവരെ നീളുന്ന കുഴൽക്കിണറുകൾ കുത്തി, ഭൂഗർഭജലസ്രോതസ്സുകളെ അപ്പാടെ ചൂഷണം ചെയ്യുകയുമായാൽ, പിന്നെ നീരാവി നൽകാൻ ജലമെവിടെ. ജലമില്ലാതെ ജീവനെവിടെ.

ഈ ഭൂമിയെയും അതിലെ പ്രകൃതിയെയും പരിരക്ഷിക്കുന്നതിനുപകരം, ചൂഷണം ചെയ്ത്, സ്വാർത്ഥലാഭത്തിനുവേണ്ടി അതിനെ നശിപ്പിച്ചാൽ നഷ്ടം നമുക്കുതന്നെ. നദികൾ മരിക്കും, ജലസ്രോതസ്സുകൾ അടഞ്ഞുപോകും. മഴയില്ലാതെയായാൽ പിന്നെ.... അതു ചിന്തിക്കാൻകൂടിയാവില്ല. അഴിമതിയും, ചൂഷണവും, താൻപോരിമയും കൊടികുത്തി വാഴുന്നിടത്ത് മഴയുമില്ല, ഋതുഭേദങ്ങളുമില്ല.

ഈശ്വരൻ നൽകിയിരിക്കുന്ന സ്നേഹത്തെയും, നല്ലദാനങ്ങളെയും തൃണവൽഗണിച്ച് പിച്ചിച്ചീന്തിയാൽ പിന്നെ അനുഗ്രഹത്തിന്റെ മഴ ഒരു കടങ്കഥയായി മാറും. ഈശ്വരനോടു നന്ദി പ്രകടിപ്പിക്കുന്നതെങ്ങനെ. അവിടുന്നു നൽകുന്ന ദാനങ്ങളെ പ്രത്യർപ്പണം (ബലി) ചെയ്തും, സമസൃഷ്ടികളെ സ്നേഹപൂർവ്വം സ്നേഹിച്ചുമല്ലയോ. ഇക്കാണുന്നതെല്ലാം എന്റെ അദ്ധ്വാനവും ബുദ്ധിയും കൊണ്ട് നേടിയതാണെന്നും, എന്റേതാണെന്നും ചിന്തിച്ചുവശായാൽ അനുഗ്രഹമഴക്കുള്ള നീരാവി അന്തരീക്ഷത്തിലേക്കുയരുകയില്ല. ദൈവം നൽകിയതാണ് ഈ പ്രകൃതിയും അതോടൊപ്പം മനുഷ്യപ്രകൃതിയും. അതിനെയും മലിനമാക്കാതെ സൂക്ഷിക്കാനും, അവയ്ക്കുവേണ്ടി ദൈവത്തോടു നന്ദിപറയാനും നാം ശീലിക്കണം. അങ്ങനെ അനുഗ്രഹത്തിന്റെ മഴയുണ്ടാകട്ടെ. മഴ പെയ്യാൻ അറച്ചുനിന്നാൽ നാം വേവലാതിപ്പെടാറുണ്ടല്ലോ. (ശേഷം 3-ാം പേജിൽ)

## വികാരിയുടെ കത്ത്



# യേശുവിന്റെ ഗിരിപ്രഭാഷണം

വി. മത്തായിയുടെ സുവിശേഷം 5, 6, 7 എന്നീ അദ്ധ്യായങ്ങൾ ഗിരിപ്രഭാഷണം എന്ന പേരിലാണല്ലോ അറിയപ്പെടുന്നത്. മോശ സീനായ് മലയിൽവച്ച് യഹോവയുടെ കല്പന സ്വീകരിച്ച് ജനത്തിന് നല്കി. അതിന് സമാന്തരമായി പുതിയ മോശ അഥവാ യേശുതമ്പുരാൻ ഒരു മലയിൽ കയറി അവിടെനിന്ന് ജനത്തിന് സനാതനങ്ങളായ ധർമ്മതത്വങ്ങൾ നല്കുന്നു. ഗിരിപ്രഭാഷണത്തെ യേശുവിന്റെ ഉപദേശത്തിന്റെ സർവ്വസാരമായി കരുതാം. ക്രിസ്തീയ ജീവിതത്തിന്റെ ഉദാത്തമായ ചിത്രീകരണമാണതിലുള്ളത്. തത്വചിന്തകന്മാരും ധർമ്മോപദേഷ്ടാക്കളും അതിന്റെ മൂല്യത്തെ അംഗീകരിക്കുകയും പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്. യഹൂദപണ്ഡിതനായ മോണ്ടിഫറിന്റെ അഭിപ്രായത്തിൽ യഹൂദറാബിമാരുടെ അനുശാസനങ്ങളെയെല്ലാം അതിജീവിക്കുന്ന ധാർമ്മിക മൂല്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ഗിരിപ്രഭാഷണം. യേശുചെയ്ത ഒരുപ്രസംഗമല്ലത്. പലപ്പോഴായി ചെയ്ത പ്രസംഗങ്ങളുടെ സംഗ്രഹമാണ് സുവിശേഷകൻ മൂന്ന് അദ്ധ്യായങ്ങളിലായി ചേർത്തിട്ടുള്ളത്. നിരവധി വിഷയങ്ങൾ ഈ ഭാഗത്ത് പ്രതിപാദിക്കുന്നുണ്ട്. വി. ലൂക്കോസിന്റെ സുവിശേഷത്തിൽ ഇത് പലഭാഗത്തായി ചിതറിക്കിടക്കുന്നു. മാത്രമല്ല, വി. മത്തായിയുടെ ദൈവശാസ്ത്രവീക്ഷണത്തിൽ നിന്ന് ലൂക്കോസിന്റേത് വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ മലമേൽ നടത്തുന്ന പ്രസംഗമായിട്ടല്ല താഴ്വരയിൽ വച്ച് നടത്തുന്ന പ്രബോധനമായിട്ടാണ് വി. ലൂക്കോസ് അത് അവതരിപ്പിക്കുന്നത്. മറ്റ് പല കാര്യങ്ങളിലും ലൂക്കോസിൽ വ്യത്യാസം പ്രകടമാണുതാനും. നിയമങ്ങളുടെ ബാഹ്യമായ അനുഷ്ഠാനങ്ങൾക്കല്ല, മനുഷ്യന്റെ പ്രവർത്തികൾക്ക് പ്രേരകമായി മാറുന്ന മനോഭാവങ്ങൾക്കാണ് ഗിരിപ്രഭാഷണം പ്രാധാന്യം കൽപ്പിക്കുന്നത്. അതാണ് ക്രിസ്തുവിന്റെ വൈശിഷ്ട്യവും (ലൂക്കോ 6:20-49) .

ഗിരിപ്രഭാഷണം അവസാനിക്കുന്നത് ശ്രദ്ധേയമായ ഒരുപമയോടുകൂടിയാണ്. അതിപ്രകാരമാണ്. ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീട് പണിത ബുദ്ധിയുള്ള മനുഷ്യനോട് തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു. നദികൾ പൊങ്ങി, കാറ്റടിച്ചു ആ വീട്ടിന്മേൽ അലച്ചു. അത് പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ട് ചെയ്യുന്നവൻ ഒക്കെയും മണലിന്മേൽ വീട് പണിത മനുഷ്യനോട് തുല്യനാകുന്നു. വന്മഴചൊരിഞ്ഞു. നദികൾ പൊങ്ങി, കാറ്റടിച്ചു. ആ വീട്ടിന്മേൽ അലച്ചു. അതു വീണു. അതിന്റെ വീഴ്ച വലിയതായിരുന്നു (മത്താ 7:24-27).

ബുദ്ധിയുള്ള മനുഷ്യൻ യേശുവിന്റെ വാക്കുകൾ കേട്ട് അനുസരിക്കുകയും അതിൻപ്രകാരം ജീവിക്കുകയും ചെയ്യുന്നവനാണ്. ഭോഷനായ മനുഷ്യൻ യേശുവിന്റെ വാക്കുകൾ കേട്ടെങ്കിലും അനുസരിച്ച് അനുവർത്തിക്കാതെ ജീവിക്കുന്നവനാണ്.

ക്രിസ്തുവാകുന്ന പാറമേൽ (1 കോരി 3:10) അടിസ്ഥാനമിട്ട് പണിതുയർത്തുന്ന ജീവിതം പ്രാതികൂല്യങ്ങളെ അതിജീവിക്കുന്നതായിരിക്കും. മറ്റ് അടിസ്ഥാനങ്ങളെല്ലാം മണലിന് തുല്യമാണ്. അതുപോലെ ഉറപ്പില്ലാത്തതും ക്ഷണത്തിൽ വീണുപോകുന്നതും ആയിരിക്കും.

നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനം എവിടെ. ചിന്തിക്കുക. പാട്ടുകാരൻ പാടുന്നു. “യേശു എന്നടിസ്ഥാനം. ആശയവനിലത്രേ. ആശ്വാസത്തിൻ പൂർണ്ണത യേശുവിൽകണ്ടേൻ ഞാനും”

നിങ്ങളുടെ ഏലിയാസച്ചൻ

# വിവാഹ ജീവിതം

(രണ്ടാം ഭാഗം)

നമ്മുടെ പ്രിയങ്കരനായിരുന്ന ഇടമ്പാടത്തച്ചൻ, വൈദികരുടെ ഭദ്രാസന അടിസ്ഥാനത്തിലുണ്ടായ സ്ഥലംമാറ്റം അനുസരിച്ച് കത്തീഡ്രലിൽ നിന്നു മാറി, പകരം വികാരിയായി ഒ.വി.ഏലിയാസച്ചൻ 2009 ജൂൺ 1 മുതൽ നിയമിതനായി. വളരെ പ്രയോജനപ്രദമായ ഒരു ലേഖനം ഇടയ്ക്കു നിർത്താതെ മുഴുവനാക്കി തന്നതിന് ഇടമ്പാടത്തച്ചനു പ്രത്യേക നന്ദി - എഡിറ്റർ

കർത്താവിൽ പ്രിയരേ,

ദൈവതിരുനാമത്തിനു മഹത്വമുണ്ടാകട്ടെ. കഴിഞ്ഞമാസത്തെ ബുള്ളറ്റിൻ നിങ്ങൾക്കെല്ലാവർക്കും പ്രയോജനമായിരുന്നു എന്ന് നേരിട്ടും, ടെലഫോൺ മുഖാന്തിരവും പലരും പറയുവാനിടയായതിൽ ദൈവത്തെ സ്തുതിക്കുന്നു.

ഈ മാസം ക്രിസ്തീയ ജീവിതത്തിൽ ഭർത്താക്കൻമാർ ഭാര്യമാരോട് എങ്ങനെ വർത്തിക്കണം എന്നു ചിന്തിക്കാം. കഴിഞ്ഞമാസം ഭാര്യമാരെക്കുറിച്ചാണല്ലോ നാം ചിന്തിച്ചത്.

**1. ഭർത്താക്കന്മാർ ഭാര്യമാരെ ബഹുമാനിക്കണം (1 പത്രോ 3:7)**

തിരുവചനത്തിൽ ഭർത്താക്കന്മാർ ഭാര്യമാരെ ബഹുമാനിക്കണം. നമുക്ക് ബഹുമാനം ലഭിക്കണമെങ്കിൽ നാം മറ്റുള്ളവരെ ബഹുമാനിക്കുന്നവരായിരിക്കണം. ഭർത്താക്കന്മാർ തങ്ങളുടെ പ്രാർത്ഥനയ്ക്ക് മുടക്കംവരാതിരിക്കേണ്ടതിന് ഭാര്യമാരോട് വിവേകത്തോടെ പെരുമാറണം. സന്ധ്യാസമയത്ത് ഭാര്യയും മക്കളും കൂട്ടായിരുന്ന് ദൈവത്തെ പാടി മഹത്വപ്പെടുത്തി പ്രാർത്ഥിച്ച് സന്തോഷത്തോടെ ജീവിക്കേണ്ടതിനു ഭർത്താക്കന്മാർ മുൻകൈ എടുക്കേണ്ടതാവശ്യമാണ്. അനേക കുടുംബങ്ങളിൽ ഇന്ന് സന്ധ്യാപ്രാർത്ഥനകൾ ക്രമമായി നടക്കുന്നില്ല. ആയതിനാൽ കുടുംബങ്ങളിൽ സമാധാനമില്ലാത്ത അവസ്ഥ നാം പലസ്ഥലങ്ങളിലും കാണുന്നു.

**2 ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കരുത്. (1 കൊരി 7:11)**

ഇന്ന് നമ്മുടെ കുടുംബകോടതികളിൽ നടക്കുന്ന വിവാഹമോചന കേസുകളിൽ ഏറ്റവും കൂടുതൽ ക്രിസ്ത്യാനികളുടേതാണ് എന്ന് നിങ്ങൾക്ക് അറിയാമോ. ക്രിസ്തീയ വിശ്വാസമനുസരിച്ച് ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കാൻ അനുവദിക്കുന്നില്ല. ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് എന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്തപ്പോൾ പരീശന്മാർ ചോദിച്ചു. മോശയുടെ കാലത്ത് ഉപേക്ഷപത്രം കൊടുത്ത് ഭാര്യയെ ഉപേക്ഷിച്ചല്ലോ എന്ന്. അത് അവരുടെ ഹൃദയകാഠിന്യം നിമിത്തമത്രേ എന്ന് യേശു പറഞ്ഞു. ആദിയിൽ അങ്ങനെയല്ലായിരുന്നു. ആകയാൽ ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കരുത്.

ഇന്ന് പലകുടുംബങ്ങളും തകരുന്നതിന്റെ ഒരു കാരണം പരസ്പരം വിശ്വാസമില്ലാത്തതിനാലാണ്. തിരുവചനം പറയുന്നു, നിന്റെ ഭാര്യയെ നീ വിശ്വസിക്കണം. പരസ്പരവിശ്വാസമില്ലാതെ സംശയദൃഷ്ടിയോടെ ജീവിക്കുന്നതിനാൽ പല കുടുംബങ്ങളും തകർച്ചയുടെ വക്കിലാണ്.

ഭാര്യ ഒരു നല്ല കാര്യം പറഞ്ഞാൽ, പ്രവർത്തിച്ചാൽ അവളെ നല്ല

(ശേഷം 5-ാം പേജിൽ)

**ഭദ്രാസന വിശേഷങ്ങൾ**

# സുന്ത്രോണീസൊ ശുശ്രൂഷ

2009 മെയ് 16-ാം തീയതി ശനിയാഴ്ച, അഭിവന്ദ്യ ഡോ. യാക്കൂബ് മാർ ഐറേനിയസ് തിരുമേനിയുടെ സുന്ത്രോണീസോ (enthronment) ശുശ്രൂഷ ഭദ്രാസനാസ്ഥാനമായ കൊരട്ടി അരമനയിൽ വച്ച് പരിശുദ്ധ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും അങ്കമാലി ഭദ്രാസനാധിപൻ അഭി. യൂഹാനോൻ മാർ പോളികാർപ്പസ് തിരുമേനിയുടെ സഹ കാർമ്മികത്വത്തിലും നടന്നു. വൈദിക ട്രസ്റ്റി ബഹു. ജോൺസ് ഏബ്രഹാം കോനാട്ട് അച്ചനും, കൊച്ചി ഭദ്രാസനത്തിലെ വിവിധ ഇടവകകളിലെ വൈദികരും, ഇടവകാംഗങ്ങളും പങ്കെടുത്തു.









# ശ്രാദ്ധപ്പെരുന്നാൾ

മലങ്കര സഭയുടെ ശ്രേഷ്ഠഗുരുവെന്ന് എല്ലാവരും അഭിമാനത്തോടും, അതിലുപരിയായ ഭയഭക്തി ബഹുമാനങ്ങളോടും ആദരിക്കുന്ന പുണ്യശ്ലോകനായ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്ത തിരുമനസ്സിലെ 19-ാം ശ്രാദ്ധപ്പെരുന്നാൾ മെയ് 16-ാം തീയതി കൊരട്ടി സീയോൻ സെമിനാരിയിൽ സമുചിതമായി ആചരിച്ചു. മലങ്കര ഓർത്തഡോക്സ് സഭയിലെ വൈദിക സെമിനാരിയിൽ സുദീർഘമായ കാലയളവിൽ സുറിയാനി മൽപ്പാൻ എന്നുള്ള നിലയിൽ സേവനമനുഷ്ഠിച്ച് ഒട്ടനവധി വൈദികരെ ആത്മീയതയുടെ തീരങ്ങളിലേക്കു നയിച്ച ഒരു പുണ്യപുരുഷനായിരുന്നു അഭിവന്ദ്യ തിരുമേനി. പരിശുദ്ധ സഭയുടെ ആരാധനാഭാഷയായ സുറിയാനിഭാഷയിൽ അത്യഗാധമായ പാണ്ഡിത്യമുണ്ടായിരുന്ന തിരുമനസ്സു കൊണ്ട് ധാരാളം ആരാധനാ ക്രമങ്ങൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്തത് നമ്മെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ ഒരു നടപടിയായിട്ടാണ് കാണുന്നത്. പരിശുദ്ധ ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ തിരുമേനി പള്ളി കൂദാശ, പട്ടംകൊട തുടങ്ങിയ ശ്രേഷ്ഠമായ ശുശ്രൂഷകൾ നിർവ്വഹിക്കുമ്പോൾ NA യൂഹാനോൻ മൽപ്പാനച്ചനെ (അഭിവന്ദ്യ തിരുമേനി) സഹായിയായി നിയോഗിക്കുമായിരുന്നു എന്നുള്ളത് അദ്ദേഹത്തിൽ ബാവാതിരുമേനിക്കുള്ള മതിപ്പിന്റെ മകുടോദാഹരണമാണ്. അങ്ങനെ മലങ്കരസഭയിൽ സദാ പിതാക്കന്മാരുടെയും, വിശ്വാസികളുടെയും സ്നേഹാദരവുകൾ ആർജ്ജിച്ചിട്ടുള്ള തിരുമനസ്സിലെ മദ്ധ്യസ്ഥതയിൽ എറണാകുളം സെ. മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ അംഗങ്ങൾ അഭയം പ്രാപിക്കുകയും പ്രാർത്ഥനകൾ അർപ്പിക്കുകയും ചെയ്യുന്നു. ■

## മഴയെന്ന വിസ്മയം

(ഒന്നാം പേജിൽ നിന്നും തുടർച്ച..)

മഴ ആ രൂപത്തിലാവാൻ ജലാശയങ്ങളും, അന്തരീക്ഷവും, സൂര്യകിരണങ്ങളും, വായുപ്രവാഹവുമെല്ലാം സഹകരിച്ചേ പറ്റൂ. അവയെല്ലാം അനുഗ്രഹമാരി വരുത്തുന്ന "മദ്ധ്യസ്ഥന്മാ"രാണ്. ദൈവാനുഗ്രഹത്തിന്റെ വഴിയും മറിച്ചല്ല. അനേകരുടെ പ്രാർത്ഥനയും ജാഗരണവും, കണ്ണുനീരും, നെടുവീർപ്പുകളും, വിയർപ്പും, ദൈവാനുഗ്രഹത്തിന്റെ, മഴയുടെ വരം അനായാസകരമാക്കിത്തീർക്കും. അങ്ങനെ എല്ലാം എല്ലാമായും ബന്ധപ്പെട്ടുതന്നെ നിലനിൽക്കുന്നു. ആരും തനിക്കായിട്ടുതന്നെ ജീവിക്കുന്നില്ലല്ലോ. പരസ്പര സഹകരണവും, സേവനവും എന്നിവയുടെ പാഠങ്ങൾ പ്രഥമമായി പറഞ്ഞുതരുന്നത് ഈ പ്രകൃതി തന്നെയാണ്.

മഴയുടെ വരവ് അത്തരമൊരു പാഠമാണ്. ചൊരിയുന്ന മഴത്തുള്ളികൾ പറയുന്ന കഥ കേൾക്കാൻ കാതോർക്കാം. ■

# യാത്രയയപ്പ്

















നമ്മുടെ ഇടവകയിൽ നിന്ന് 31-5-09 ന് സ്ഥലം മാറിപ്പോകുന്ന വികാരി ബഹു. ഇടമ്പാടത്തച്ചനും, അസിസ്റ്റന്റ് വികാരി ബഹു. ഷിബു കെ. ജോസിനും, ബഹു. ജോൺ കോർ എപ്പിസ്കോപ്പായ്ക്കും, 31-5-09 ഞായറാഴ്ച പെന്തിക്കൊസ്തി ശുശ്രൂഷയ്ക്കു ശേഷം ഉചിതമായ യാത്രയയപ്പു നൽകി. ഇതിനോടനുബന്ധിച്ചു നടന്ന സമ്മേളനത്തിൽ ശ്രേഷ്ഠ നിയുക്ത കാതോലിക്ക അഭി. പൗലോസ് മാർ മിലിത്തിയോസ് തിരുമേനി ആദ്ധ്യക്ഷം വഹിച്ചു. ട്രസ്റ്റി ശ്രീ. കെ. കെ. ജോർജ്ജ്, ശ്രീമതി ശോശാമ്മ ഐസക്, ശ്രീമതി മായ മാത്യു, ശ്രീ. കെ.ഐ. ജോർജ്ജ്, ശ്രീ. തോമസ് വർഗ്ഗീസ്, ശ്രീ. സാബു ചെറിയാൻ, കുമാരി ഫേബാ മാത്യു, കുമാരി ജ്യോതി സക്കറിയ എന്നിവർ പാരിതോഷികങ്ങൾ നൽകി. അദ്ധ്യക്ഷപ്രസംഗത്തിനുശേഷം ശ്രീ. കെ. കെ. ജോർജ്ജ് ആശംസാപ്രസംഗവും, വൈദികർ മറുപടി പ്രസംഗവും നടത്തി. ■

## കത്തീഡ്രലിന്റെ പുതിയ അമരക്കാർ



വികാരി
**ഫാ. ഒ.വി. ഏലിയാസ്**



സഹ വികാരി
**ഫാ. പി. ഐ. വർഗ്ഗീസ്**



സഹ വികാരി
**ഫാ. പ്രിൻസ് മാത്യു**

കൊച്ചി ഭദ്രാസനാധിപൻ അഭി. ഡോ. യാക്കൂബ് മാർ ഐറേനിയോസിന്റെ കൽപ്പന പ്രകാരം വികാരിയായി ബഹു. ഒ.വി. ഏലിയാസച്ചനും, സഹവികാരിമാരായി ബഹു. പി. ഐ. വറുഗീസച്ചൻ, പ്രിൻസ് മാത്യു അച്ചൻ എന്നിവരെയും 1-6-09 തിങ്കളാഴ്ച മുതൽ നിയമിച്ചിരിക്കുന്നു. അന്നേദിവസം രാവിലെ സ്കൂൾ തുറപ്പു പ്രമാണിച്ച് സ്കൂൾ കുട്ടികൾക്കായി നടത്തിയ കുർബാനയിൽ സംബന്ധിച്ചശേഷം മൂവരും അവരുടെ പുതിയ ചുമതലകൾ ഏറ്റെടുത്തു. മൂവർക്കും സെന്റ് മേരീസ് ഇടവകയുടെ ഭാവുകങ്ങൾ.

## വിവാഹ ജീവിതം

(രണ്ടാം പേജിൽ നിന്നും തുടർച്ച..)

ഭർത്താക്കന്മാർ പ്രശംസിക്കും. തനിക്ക് ഒരു നന്മ ചെയ്താൽ, നന്നായി ഭക്ഷണം തയ്യാറാക്കി തന്നാൽ അതു ഭാര്യയുടെ കടമയാണ്; അതിൽ പ്രശംസിക്കാനെന്തിരിക്കുന്നു എന്നു ചിന്തിക്കാതെ ഇത് നന്നായിരിക്കുന്നു; കൊള്ളാം എന്നു പറയുമ്പോൾ ഭാര്യയുടെ ഹൃദയത്തിനു വളരെ സന്തോഷമുണ്ടാകുകയും തുടർന്നുള്ള ദിവസങ്ങളിൽ കൂടുതൽ കൂടുതൽ നന്നാക്കാൻ ശ്രമിക്കുകയും ചെയ്യും.

ഭർത്താവ് യഹോവ ഭക്തനായിരിക്കേണം. (സങ്കീ 1 28:4). ഭർത്താവ് ഭാര്യയെ സന്തോഷിപ്പിക്കണം (ആവർത്തനം 24:5, സദൃശവാക്യം 5:18). ഭർത്താവ് ഭാര്യയോട് അവിശ്വസ്തത കാണിക്കരുത് (മലാഖി 2:15). ഭർത്താക്കൻമാരെ, ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ (എഫേ 5:25).

ഭർത്താക്കന്മാർ സ്വന്തശരീരങ്ങളെ പോലെ ഭാര്യയെ സ്നേഹിക്കണം. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നത്താൻ സ്നേഹിക്കുന്നു (എഫേ 5:28). ആരും തന്റെ ജഡത്തെ ഒരുനാളും പഴിച്ചിട്ടില്ലല്ലോ (എഫേ 5:28,29).

എന്നാൽ നിങ്ങളും അങ്ങനെതന്നെ ഓരോരുത്തൻ താന്താന്റെ ഭാര്യയെ തന്നെപ്പോലെ തന്നെ സ്നേഹിക്കണം(എഫേ 5:32). യേശുക്രിസ്തു തന്റെ ജീവൻ കൊടുത്ത് സഭയെ സ്നേഹിച്ചതുപോലെ, ഭർത്താവ് ഭാര്യയെ സ്വന്ത ജീവൻ കൊടുത്തും സ്നേഹിക്കേണ്ടതാകുന്നു.

ആയതിനാൽ ഭർത്താക്കന്മാർ ഭാര്യമാരെ സന്തോഷിപ്പിക്കുന്നവരും, ഭാര്യയോട് വിശ്വസ്തത പുലർത്തുന്നവരും, തന്റെ ധർമ്മപത്നി എന്നോർത്ത് അവരെ ബഹുമാനിക്കുകയും, സ്നേഹിക്കുകയും, കരുതുകയും, പോറ്റി പുലർത്തുകയും, അവളോട് ക്ഷമിക്കുകയും തന്റെ ശരീരത്തിന്റെ ഒരു ഭാഗം എന്നോർത്ത് കരുതി ശുശ്രൂഷിക്കേണ്ടതും അവളെ സംരക്ഷിക്കേണ്ടതുമാകുന്നു. അങ്ങനെ പ്രാർത്ഥനയോടെ മറ്റുള്ളർക്ക് മാതൃകയായി ദൈവത്തിന് മഹത്വം കൊടുത്തുകൊണ്ടു ജീവിക്കാൻ ദൈവമായ കർത്താവ് നമ്മേ സഹായിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

നിങ്ങളുടെ ഇടമ്പാടത്തച്ചൻ

## അനാഛാദനം

കാലംചെയ്ത പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവ, 25-03-2001 ൽ, സെ. മേരീസ് ചർച്ച് കത്തീഡ്രലായി ഉയർത്തിയതിന്റെ ഓർമ്മയ്ക്കായി സ്ഥാപിച്ച പുതിയ ഫലകവും, കത്തീഡ്രലിന്റെ ഹ്രസ്വചരിത്രവും ഇടവകാംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ 13-5-2009, പെന്തിക്കൊസ്തി ഞായറാഴ്ച നിയുക്ത കാതോലിക്ക അഭി. പൗലോസ് മാർ മിലിത്തിയോസ് തിരുമേനി അനാഛാദനം ചെയ്തു.





# കുടുംബ വിശേഷങ്ങൾ

## Our Church in New Zealand

I used to live in Wellington, New Zealand (NZ) but recently moved to India. I stay with my grandparents now. You may remember my little sister, Jessie. Two years ago she sang Rudolph the Red nose and Jingle Bells for the Church Christmas function.

The other Sunday I attended the morning Service at St. Mary's Orthodox Cathedral. I felt it was very different compared to our church back in NZ. St. Mary's had a lot more people and the church is much bigger. There is one thing in common though, the Services are both in Malayalam and follows the same worship rituals. Our church in Wellington, NZ is owned by the Assyrian congregation. However we recently purchased a piece of land in Auckland to build our own church.

We have service once a month. Our priest, Shinu Achen flies down from Auckland to conduct it. On the eve of the Holy Qurbana we have a prayer meeting and dinner. We usually practice Service songs after the scripture reading and teachings by Achen. Dinner is almost always Kanji and Payar. We made a roster for people to organise the prayer meeting, the shared lunch after Service and to host Achen.

Holy Qurbana starts at 9 am and ends at 12.30pm. There is a Malayalam-English (Manglish) version of the worship book for people who cannot read Malayalam. At the back of the church, a room is provided for little kids to go and eat during the Service. This room is separated from the church by glass so the children can see the Qurbana at the same time. Once the Qurbana is over we have a scrumptious lunch made by five star chef members of our Church. Afterwards as usual all the adults start chatting away. Meanwhile we kids have a few games of foosball and table tennis. I know it's strange but yes we do have a table tennis and foosball table in the room behind our church. Later someone goes and drops Achen at the airport. Achen flies back to Auckland after the Qurbana. At around 2.30 pm everyone packs up and heads home and that is a typical day at our church.

**By – Julie Hillel**

## വിശേഷദിവസങ്ങൾ

**ജൂൺ**

16 ചൊവ്വ : ശ്ലീഹാ നോമ്പാരംഭം
29 തിങ്കൾ : ശ്ലീഹായുടെ നോമ്പുവീടൽ, പത്രോസ് പൗലോസ് ശ്ലീഹായുടെ ഓർമ്മ
30 ചൊവ്വ : 12 ശ്ലീഹാമാരുടെ ഓർമ്മ

**ജൂലൈ**

3 വെള്ളി : ദുഖ്റോനോ (മാർത്തോമാ ശ്ലീഹായുടെ ഓർമ്മ)

## മാമോദീസ

1. എറണാകുളം ബഥേൽ ശ്രീ. ജോൺ ഏബ്രഹാമിന്റെയും ശ്രീമതി ജീൻസിയുടെയും മകൾ അന്ന 17.5.09 ൽ മാമോദീസ സ്വീകരിച്ചു.
2. എറണാകുളം ഉദയഞ്ചേരിൽ ശ്രീ. ബിജുവിന്റെയും ശ്രീമതി ദീപയുടെയും മകൾ എലിസബേത്ത് 30.5.09 ൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതങ്ങൾ ദൈവകൃപയിൽ വളരട്ടെ!*

## വിവാഹം



1. തൈക്കൂടം തട്ടുപുരക്കൽ ശ്രീ. ടി.എം. വറുഗീസിന്റെയും ശ്രീമതി മേരി വറുഗീസിന്റെയും മകൾ മറിയം വർഗ്ഗീസും, മാവേലിക്കര മുല്ലക്കൽ പരേതനായ ശ്രീ. ടി. എം. തോമസിന്റെയും ശ്രീമതി സാറാമ്മ തോമസിന്റെയും മകൾ അജിത് തോമസ്സും തമ്മിലുള്ള വിവാഹം 10.5.2009 ൽ പുതിയകാവ് സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു.
2. എറണാകുളം നോർത്ത് അരിമ്പൂർ ഹൗസ് അഡ്വ. എ.കെ. ചിന്നന്റെയും ശ്രീമതി ജസ്സിയുടെയും മകൻ കുര്യനും, കൊട്ടാരക്കര കരിക്കംപടിഞ്ഞാറേ വീട്ടിൽ ശ്രീ. ജോൺ കുരാക്കറിന്റെയും ശ്രീമതി മോളി ജേക്കബിന്റെയും മകൾ മഞ്ജുവും തമ്മിലുള്ള വിവാഹം 11.5.2009-ൽ കത്തീഡ്രലിൽ നടന്നു.



3. എറണാകുളം വൈറ്റില ജനതാ റോഡിൽ കുരിശിങ്കൽ ശ്രീ. ബാബുജോർജ്ജിന്റെയും ശ്രീമതി അനില ബാബുവിന്റെയും മകൻ നികിനും, നടക്കൽ റോക്ക്മൗണ്ട് ശ്രീ. കുട്ടിയച്ചന്റെയും ശ്രീമതി മോളി കുട്ടിയച്ചന്റെയും മകൾ ടാനിയും തമ്മിലുള്ള വിവാഹം 17.5.09 ൽ കത്തീഡ്രലിൽ നടന്നു.
4. എറണാകുളം ദേശാഭിമാനി റോഡിൽ തെത്തടിയിൽ നവമന്ദിരത്തിൽ ശ്രീ ജോൺ ഫിലിപ്പോസിന്റെയും ശ്രീമതി മറിയാമ്മ ജോണിന്റെയും മകൾ ജിഷ സൂസൻ ജോണും, പാലക്കുഴ ഓലിക്കൽ പുത്തൻപുരയിൽ ശ്രീ. പി.പി. പൗലോസിന്റെയും ശ്രീമതി റെബേക്ക പൗലോസിന്റെയും മകൻ രജീഷ് പോളും തമ്മിലുള്ള വിവാഹം 18.5.2009 ൽ പണ്ടപ്പള്ളി സെന്റ് മേരീസ് പള്ളിയിൽ നടന്നു.
5. എറണാകുളം ഇടപ്പള്ളി കൂനംതൈ എളവുംകുടിയിൽ ഡോ. എ.ജി. രാജന്റെയും ഡോ. ആനി രാജന്റെയും മകൻ ശരത്തും ഏഴംകുളം വടക്കേക്കര ശ്രീ കെ.എം. കോശിയുടെയും ശ്രീമതി സൂസൻ കോശിയുടെയും മകൾ റിനുവും തമ്മിലുള്ള വിവാഹം 31.5.09 ൽ കത്തീഡ്രലിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

SPONSORED BY:
The Muthoot Group
A Muthoot M George Enterprise | Since 1887

Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490, 2365827**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***